"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തിയ KAS പരീക്ഷയുമായി ബന്ധപ്പെട്ട് കമ്മീഷനെ അപകീർത്തിപ്പെടുത്തുന്ന തരത്തിൽ നോട്ടീസ് പ്രസിദ്ധീകരിച്ചതിന് നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീ. മോഹനചന്ദ്രൻ നായർ എം. എസ്, ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീ. തിബിൻ നീലാംബരൻ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി നേരിൽ കേൾ ക്കുന്നതിനായി പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയായ ശ്രീ. തരുൺ ലാൽ എസ് - നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.5541/2024/GAD തീയതി,തിരുവനന്തപുരം, 16-12-2024

---

പരാമർശം:-

1. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 13.08.2020 - ലെ SS(1) 518/20 നമ്പർ കത്ത്.
2. 25.09.2024 - ലെ സ്പെഷ്യൽ-ഇ2/188/2024-പൊ.ഭ.വ നമ്പർ കുറ്റാരോപണ മെമ്മോയും പത്രികയും
3. കുറ്റോരോപണ മെമ്മോയ്ക്കും പത്രികയ്ക്കും 16.11.2024 - ൽ ശ്രീ. എം. എസ് മോഹനചന്ദ്രൻ നായർ, ശ്രീ. തിബിൻ നീലാംബരൻ എന്നിവർ ലഭ്യമാക്കിയ മറുപടി.

**<u>ഉത്തരവ്</u>**

കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തിയ KAS പരീക്ഷയുമായി ബന്ധപ്പെട്ട് കമ്മീഷനെ അപകീർത്തിപ്പെടുത്തുന്ന തരത്തിൽ നോട്ടീസ് പ്രസിദ്ധീകരിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി പരാമർശം (1) കത്ത് പ്രകാരം സർക്കാരിനോടാവശ്യപ്പെട്ടിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരിൽ ഉൾപ്പെട്ട നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീ. മോഹനചന്ദ്രൻ നായർ എം. എസ്, ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീ. തിബിൻ നീലാംബരൻ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ സർക്കാർ തീരുമാനിക്കുകയും പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോയും പത്രികയും നൽകുകയുമുണ്ടായി. എന്നാൽ, പരാമർശം (3) പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ ടി വിഷയവുമായി ബന്ധപ്പെട്ട് തുടർ തീരുമാനങ്ങൾ എടുക്കുന്നതിന് മുമ്പ് സ്വാഭാവിക നീതി ഉറപ്പാക്കി തങ്ങൾക്ക് പറയാനുള്ളത് നേരിട്ട് ബോധിപ്പിക്കുന്നതിനുള്ള ഒരു അവസരം കൂടി നൽകണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തിയ KAS പരീക്ഷയുമായി ബന്ധപ്പെട്ട് കമ്മീഷനെ അപകീർത്തിപ്പെടുത്തുന്ന തരത്തിൽ

നോട്ടീസ് പ്രസിദ്ധീകരിച്ച വിഷയത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരായ നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറി, ശ്രീ. മോഹനചന്ദ്രൻ നായർ എം. എസ്, ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി, ശ്രീ. തിബിൻ നീലാംബരൻ എന്നിവരെ നേരിൽ കേൾക്കുന്നതിനായി പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയായ ശ്രീ. തരുൺ ലാൽ എസ് - നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
ജോയിന്റ് സെക്രട്ടറി

ശ്രീ. തരുൺ ലാൽ എസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
ശ്രീ. മോഹനചന്ദ്രൻ നായർ എം. എസ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ് (നിയമ വകുപ്പ് മുഖേന)
ശ്രീ. തിബിൻ നീലാംബരൻ, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ് (ധനകാര്യ വകുപ്പ് മുഖേന)
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 16-12-2024 14:54:59

സെക്ഷൻ ഓഫീസർ